പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 120

02.03.2017-ൽ മറുപടിക്ക്

## മത്സ്യക്കുഞ്ഞുങ്ങളെ ഉപയോഗിച്ച് വളം നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യക്കുഞ്ഞുങ്ങളെ വളംനിർമ്മാണത്തിന് ഉപയോഗിക്കുന്നത് കടലിലെ മത്സ്യസമ്പത്ത് വൻതോതിൽ കുറയുന്നതിന് കാരണമാകുന്നുവെന്ന പഠനറിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പൂർണ്ണ വളർച്ച കൈവരിക്കാത്ത ചെറു മീനുകളെ കൂട്ടത്തോടെ പിടികൂടി മത്സ്യസമ്പത്തിന് നാശമുണ്ടാക്കുന്ന പ്രവൃത്തി നടക്കുന്നുണ്ട്. ഈ ചെറുമീനുകളെ അന്യസംസ്ഥാനങ്ങളിൽ കൊണ്ടുപോയി വളം, മത്സ്യ തീറ്റ എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ മത്സ്യസമ്പത്തിന്റെ നിലനിൽപ്പ് ഉറപ്പാക്കി മീൻ പിടുത്ത രീതികൾക്ക് കാതലായ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി)യും (സി)യും | ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് 24.07.2015 ലെSRO 477/2015 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 44 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ഇതുവരെയായി ഇത്തരം 56 കേസ്സുകൾ പിടികൂടുകയും 17.00 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിശ്ചിത വലിപ്പവും വളർച്ചയുമെത്താത്ത മീനുകളെയും മലയാളികൾ സാധാരണ ഉപയോഗിക്കുന്ന തീരക്കടലുകളിലെ മീനുകളെയും പിടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുമോ; | | |
| (ഡി) | എങ്കിൽ ഇതിനായി 1980 ലെ സമുദ്ര മീൻപിടുത്ത നിയന്ത്രണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ചെറുമത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് പൂർണ്ണമായും നിരോധിക്കുന്നതിലേക്കായി 1980 ലെ സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. ഇതിനായി KMFR Act ലെ വ്യവസ്ഥകൾ ഉപയോഗിച്ച് ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ